➪ ആളുകളെ കൊമ്പിൽ കോർത്തെടുത്തെന്നോ തുമ്പിക്കൈയിലെടുത്ത് ചുഴറ്റിയെറിഞ്ഞെന്നോ വരും ➪

**റഷ്യൻ** വിപ്ലവത്തിന്റെ വജ്രജൂബിലി ആഘോഷങ്ങൾക്ക് പൊലിമ കൂട്ടാൻ വേണ്ടിയുള്ള ആലോചനായോഗത്തിൽ വെടിമരുന്ന് പ്രയോഗം വേണം എന്ന ആവശ്യമുയർന്നപ്പോൾ തൃശൂരിൽ നിന്നുള്ള വെടിക്കെട്ടു സംഘത്തെ തന്നെ അതേൽപ്പിക്കാനുള്ള തീരുമാനം റഷ്യൻ ഗവൺമെന്റ് എടുത്തത് ഏകകണ്ഠമായിട്ടായിരുന്നു. ആഘോഷങ്ങൾക്ക് സമാപനം കുറിച്ചുകൊണ്ട് തൃശൂരിലെ വെടിക്കെട്ടു കലാകാരന്മാർ കാഴ്ചവച്ച പ്രകടനം കണ്ട് സായിപ്പന്മാർ അന്ധാളിച്ചുപോയി. പലരും മോഹാലസ്യപ്പെട്ടുവീണു. വെടിമരുന്നു വിദ്യയുടെ പ്രയോഗം കഴിഞ്ഞയുടനെ റഷ്യൻ പ്രസിഡന്റ് ആശ്ലേഷിച്ചുകൊണ്ട് തൃശൂർ ഈനാശുവേട്ടനോട് പറഞ്ഞത് ഇങ്ങനെയായിരുന്നു. "വെടിക്കെട്ടുകലയിലുള്ള ഇന്ത്യയുടെ ഔന്നത്യത്തോടൊപ്പമെത്താൻ റഷ്യക്ക് ചുരുങ്ങിയത് നൂറ്-നൂറ്റമ്പത് കൊല്ലമെങ്കിലും വേണ്ടിവരും. അപ്പോഴേക്കും നിങ്ങൾ പിന്നേയും ബഹുദൂരം അതിവേഗം മുന്നിലെത്തിയിരിക്കും!"

# നിയമം എന്ന പൊട്ടാസ്സ്

വലിയ പ്രതിസന്ധിയിലായിരുന്നു ഇക്കൊല്ലത്തെ തൃശൂർ പൂരം വെടിക്കെട്ട്. 109 പേർ മരിച്ച പരവൂർ പുറ്റിങ്ങൽ ക്ഷേത്രത്തിലെ വെടിക്കെട്ടു ദുരന്തത്തെ തുടർന്ന് സ്ഫോടകവസ്തുക്കൾ കൈകാര്യം ചെയ്യുന്നതിലും ആനയെഴുന്നെള്ളിപ്പിലും നിലവിലുള്ള നിയമങ്ങൾ കർശനമായി പാലിക്കണമെന്ന് കോടതിയും ഉദ്യോഗസ്ഥരും ഉത്തരവിട്ടതാണ് പ്രതിസന്ധിക്ക് കാരണമായത്. മനുഷ്യനുണ്ടാക്കിയ നിയമങ്ങളായതുകൊണ്ട് മനുഷ്യർ തന്നെ ഇതെല്ലാം സുഗമമായി മറികടന്നു. എങ്ങനെ?

**എസ്. നാരായണൻ**

വിപ്ലവാഘോഷത്തിന് ശേഷം ഇന്ത്യയിൽ മടങ്ങിയെത്തിയ ഈനാശുവേട്ടൻ പത്രങ്ങളുടെ മുന്നിലാണ് റഷ്യൻ പ്രസിഡന്റിന്റെ പ്രശംസാവാചകങ്ങൾ വെളിപ്പെടുത്തിയത്. ആഘോഷങ്ങൾ പോലും ഇത്രയും അപകടകരമായാണ് നടത്തുന്നതെങ്കിൽ ജീവിതത്തിന്റെ മറ്റുമേഖലകളിൽ ഇന്ത്യക്കാർ എത്രമാത്രം ധീരോദാത്തരായിരിക്കും എന്നും ചില സായിപ്പന്മാർ അത്ഭുതപ്പെടുകയുണ്ടായി. സായിപ്പിന് ജീവിതത്തിൽ ഒരു വെല്ലുവിളിയുമില്ല. അതുപോലെയാണോ കേരളം പോലുള്ള സ്ഥലത്തെ ജീവിതം. ഇവിടെ മുട്ടിനുമുട്ടിനു അമ്പലങ്ങളും പള്ളികളുമല്ലേ? എല്ലായിടത്തും വർഷം തോറും രണ്ടും മൂന്നും വീതം ഉത്സവങ്ങൾ! വെടിക്കെട്ടില്ലാതെ ഉത്സവമാകുമോ? ആനയില്ലാതെ എവിടെയെങ്കിലും ഉത്സവമുണ്ടോ? വെടിക്കെട്ടൊക്കെയാകുമ്പോൾ ആളുകളുടെ ശരീരം ചിലപ്പോൾ പൊട്ടിത്തൂളി പോയെന്നുവരും. അവയവങ്ങളൊക്കെ അവിടുന്നും ഇവിടുന്നും പെറുക്കിയെടുക്കേണ്ടി വരും. ആഘോഷത്തിൽ ആനയുണ്ടെങ്കിൽ ചിലപ്പോൾ ആളുകളെ കൊമ്പിൽ കോർത്തെടുത്തെന്നോ തുമ്പിക്കൈയിലെടുത്ത് ചുഴറ്റിയെറിഞ്ഞെന്നോ വരും. ആനയെ സംബന്ധിച്ച് മുന്നിലെത്തിപ്പെടുന്നത് സ്കൂളിലേക്ക് പോകുന്ന കുട്ടിയാണെന്നോ ജോലിക്ക് പോകുന്ന ഗൃഹനാഥനാണെന്നോ അരിവാങ്ങാൻ പോകുന്ന വൃദ്ധയാണെന്നോ ഒന്നുമില്ല. അതൊരു വന്യമൃഗമല്ലേ. നഗരജീവിതത്തിൽ ഇടയ്ക്കിടെ ഒരു വന്യമൃഗത്തിന്റെ പ്രകടനമുണ്ടാകുന്നത് ജീവിതത്തിൽ ഒരു ത്രില്ലല്ലേ. അതിനെയൊക്കെ ഒരു സ്പോർട്സ്മാൻ സ്പിരിറ്റിൽ എടുക്കണം. സായ്പ്പിന്



അങ്ങനത്തെ ചിന്തയൊന്നുമില്ല. വെടിക്കെട്ടിന് മുന്നിൽ നിൽക്കാൻ മനോധൈര്യം വേണം. ഒന്നോ രണ്ടോ പേർ ചത്തുവീഴുന്ന തുപ്പാക്കിയിൽ നിന്നുള്ള സായിപ്പിന്റെ വെടിയെവിടെ, സെഞ്ചറിയടിക്കാൻ പറ്റുന്ന ഉത്സവങ്ങളിലെ വെടിക്കെട്ടെവിടെ.

ലോകം മുഴുവൻ കാതോർക്കുന്ന ഒരു കലാരൂപമാണ് ഇന്ത്യൻ വെടിക്കെട്ടുകല എന്ന സത്യം മനസ്സിലാക്കാൻ സഹായകമായി എന്നതാണ് കഴിഞ്ഞ ഏപ്രിൽ പത്തിന് പരവൂർ പുറ്റിങ്ങൽ ക്ഷേത്രത്തിൽ 109 പേരുടെ മരണത്തിനിടയാക്കിയ വെടിക്കെട്ടു പ്രകടനത്തിന്റെ പ്രസക്തി. ഗന്ധകവും സൾഫറും പോലെയുള്ള രാസവസ്തുക്കൾ മാത്രമല്ല, മനുഷ്യന്റെ രക്തവും മാംസത്തരികളും ചേർത്തുണ്ടാക്കുന്ന പ്രത്യേകതരം മരുന്നുവിദ്യയാണ് ഇന്ത്യൻ വെടിക്കെട്ട് എന്ന് വിദേശരാജ്യങ്ങളിൽ പ്രസിദ്ധമാണ്. അതുകൊണ്ടാണ് പരവൂർ വെടിക്കെട്ടിനെപ്പറ്റി റഷ്യൻ പ്രസിഡന്റും പാകിസ്ഥാൻ പ്രധാനമന്ത്രിയും മാർപ്പാപ്പയും ദലൈലാമയും ഒക്കെ പ്രതികരിച്ചത്. നൂറ്റിയൊമ്പത് പേർക്കുമാത്രമെ ഇതിൽ പൂർണ്ണമായി പങ്കെടുക്കാനായുള്ളൂ എന്നതിലും 1197 പേർക്ക് ഈ കലയിൽ അലിഞ്ഞുചേരാതെ പരിക്കുപറ്റി ഗാലറിയിൽ ആകേണ്ടി വന്നു എന്നതിലും പൂരം കോഡിനേഷൻ കമ്മിറ്റിയും ക്ഷേത്രഭാരവാഹികളും ഇപ്പോഴും നിരാശയിലാണ്.

വലിയ പ്രതിസന്ധിയിലായിരുന്നു ഇക്കൊല്ലത്തെ തൃശൂർ പൂരത്തോടനുബന്ധിച്ചുള്ള വെടിക്കെട്ട്. 109 പേർ മരിച്ച പരവൂർ പുറ്റിങ്ങൽ ക്ഷേത്രത്തിലെ വെടിക്കെട്ടു ദുരന്തത്തെ തുടർന്ന് സ്ഫോടകവസ്തുക്കൾ കൈകാര്യം ചെയ്യുന്നതിലും ആനയെഴുന്നെള്ളിപ്പിന്റെ കാര്യത്തിലും നിലവിലുള്ള നിയമങ്ങൾ കർശനമായി പാലിക്കണമെന്ന് കോടതിയും ഉദ്യോഗസ്ഥരും ഉത്തരവിട്ടതാണ് പ്രതിസന്ധിക്ക് കാരണമായത്. പരവൂരിൽ 109 പേർ മരിക്കുകയും 1197 പേർക്ക് പരിക്കേൽക്കുകയും രണ്ടായിരത്തോളം വീടുകൾക്ക് കേടുപാടുകൾ പറ്റുകയും ചെയ്തു. കൃഷി നാശവും തകർന്ന ട്രാൻസ്ഫോമറുകളും വൈദ്യുതി ലൈനുകളും വെടിമരുന്ന് കലർന്ന കിണറുകളും മറ്റുമായി ഒരുപാട് നഷ്ടങ്ങളുണ്ടാക്കിയ ദുരന്തം. സംസ്ഥാന സർക്കാരിന്റെ റിപ്പോർട്ട് പ്രകാരം 92 കോടി രൂപയുടെ നാശനഷ്ടമുണ്ട്. സംസ്ഥാന ദുരിതാശ്വാസ കമ്മീഷണറും അഡീഷണൽ ചീഫ് സെക്രട്ടറിയുമായ ഡോ. വിശ്വാസ് മേത്ത തയ്യാറാക്കിയ റിപ്പോർട്ടിൽ ഈ ദുരന്തം സമാനതകളില്ലാത്തതാണെന്നും സുനാമിക്ക് ശേഷം കേരളത്തിലുണ്ടായ ഏറ്റവും വലിയ അപകടമാണെന്നും എടുത്തുപറയുന്നു.

പരവൂർ ദുരന്തത്തിന്റെ പിറ്റേന്നായിരുന്നു തൃശൂർ പൂരത്തിന്റെ കൊടിയേറ്റം. ഈ ദുരന്തത്തെ തുടർന്ന് ഒരാഴ്ച കഴിഞ്ഞുള്ള തൃശൂർ പൂരത്തിന്റെ വെടിക്കെട്ട് നടത്തുന്നത് ഹൈക്കോടതി തടഞ്ഞ് ഉത്തരവിട്ടു. തൊട്ടുപിന്നാലെ ആനകളെ എഴുന്നള്ളിക്കുന്നത് നിലവിലുള്ള ചട്ടങ്ങൾക്കനുസരിച്ചാകണമെന്ന് നിർദ്ദേശിച്ചുകൊണ്ട് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ദേവസ്വങ്ങൾക്ക് കത്ത് കൊടുത്തു. വെടിക്കെട്ടു പുരയുടെ താക്കോൽ തഹസീൽദാരെ ഏൽപ്പിക്കണമെന്ന് കളക്ടർ വി. രതീശനും ഉത്തരവിട്ടു. ഏകദേ

⇨ ഇത്രയും കേട്ടാൽ തൃശൂരിൽ വെടിക്കെട്ടും ആനയെഴുന്നെള്ളിപ്പും നടക്കുമെന്ന് ആരെങ്കിലും കരുതുമോ? ⇨



തൃശൂർ നഗരത്തിൽ പൊട്ടാസ്സ് പൊട്ടിച്ച് പ്രതിഷേധിക്കുന്ന പൂര പ്രേമികൾ

ശം നാലായിരത്തോളം സ്ഥലങ്ങളിലായി കൊല്ലം തോറും നടത്തിവരുന്ന വെടിക്കെട്ട് നിയന്ത്രിക്കാൻ പോലീസിനെക്കൊണ്ടാവില്ലെന്നും അപകടങ്ങൾ തടയാനുള്ള ഏക മാർഗ്ഗം വെടിക്കെട്ട് നിരോധിക്കുക മാത്രമാണെന്നും ഡി.ജി.പി സെൻകുമാർ വ്യക്തമാക്കി. ഇത്രയും കേട്ടാൽ തൃശൂരിൽ വെടിക്കെട്ടും ആനയെഴുന്നെള്ളിപ്പും നടക്കുമെന്ന് ആരെങ്കിലും കരുതുമോ? ഈ നിയമങ്ങളെല്ലാം മനുഷ്യനുണ്ടാക്കിയതാണെങ്കിൽ മനുഷ്യന് തന്നെ അതിനെ മറികടക്കാനും പറ്റും. സംസ്ഥാനത്തെ മുഖ്യമനുഷ്യനായ ഉമ്മൻചാണ്ടി, ഡി.ജി.പി പറഞ്ഞത് സർക്കാറിന്റെ അഭിപ്രായമല്ലെന്ന് തീർത്തുപറഞ്ഞു. മറ്റൊരു മനുഷ്യനും വന്യജീവികളുടെ ചുമതലക്കാരനുമായ തിരുവഞ്ചൂർ രാധാകൃഷ്ണൻ വനംവകുപ്പ് മേധാവിയുടെ ചെവിക്കുപിടിച്ച് വിശദീകരണം ചോദിക്കുമെന്ന് പറഞ്ഞു. ഇനി കോടതിയുടെ കാര്യം. അതിനും ഈ മനുഷ്യന്മാരൊക്കെ ഇവിടെ ജീവിച്ചിരുപ്പുണ്ടല്ലോ.

പരവൂർ പുറ്റിങ്ങൽ ക്ഷേത്രത്തിലെ വെടിക്കെട്ട് കേവലം പ്രാദേശികമായ ഒരു പ്രശ്നം മാത്രമല്ല. അതിന് അന്താരാഷ്ട്ര തലത്തിൽ വരെ ചലനങ്ങളുണ്ടാക്കാൻ കഴിഞ്ഞു എന്നത് വിദേശ രാഷ്ട്രത്തലവന്മാരുടെ പ്രതികരണങ്ങളിൽ നിന്ന് വ്യക്തമായതാണ്. ഇതൊന്നും മനസ്സിലാക്കാതെയാണ് വെറും 109 മനുഷ്യർ ചിതറിത്തെറിച്ചുപോയ ഒറ്റപ്പെട്ട സംഭവങ്ങൾ ഉയർത്തിക്കാണിച്ച് തൃശൂർ പൂരത്തിന്റെ വെടിക്കെട്ടിനെതിരെ ചില കുബുദ്ധികൾ എതിർപ്പുമായി രംഗത്തെത്തിയത്. പ്രായമായിട്ടാണെങ്കിലും വീട്ടിൽ ഒരാൾ മരിച്ചാൽ ഒരു വർഷം ഉത്സവങ്ങളും ആഘോഷങ്ങളും ബന്ധുക്കൾ മാറ്റിവയ്ക്കുന്ന ആചാരം നമ്മുടെ നാട്ടിലുണ്ടെന്നും 109 പേർ മരിച്ചതുകൊണ്ട് സംസ്ഥാനം അത്തരത്തിൽ പെരുമാറണമെന്നും പറഞ്ഞാൽ എന്തുചെയ്യാനാണ്. സംസ്ഥാന സർക്കാർ അത്തരത്തിൽ തീരുമാനമെടുത്താൽ അത് പുതിയ അനാചാരങ്ങൾക്ക് വഴിവയ്ക്കുമെന്ന് ആർക്കാണ് അറിയാത്തത്. തൃശൂർ പൂരത്തിന്റെ എല്ലാ ആചാരങ്ങളും കടുകിട തെറ്റാതെ നിലനിർത്തുക എന്നത് ഏതൊരു ഗവൺമെന്റിന്റെയും കടമയാണ്. കാരണം, തൃശൂർ പൂരത്തിന് പിന്നാലെ കൃത്യം ഒരു മാസത്തിനകം തെരഞ്ഞെടുപ്പ് പൂരം കൂടിവരികയാണ്.

ഇക്കൊല്ലത്തെ തൃശൂർ പൂരത്തിന്റെ സുഗമമായ നടത്തിപ്പിന് വേണ്ടി നാടിന്റെ പുരോഗതിക്ക് തന്നെ വിലങ്ങുതടിയാകുന്ന എത്ര നിയമങ്ങളെയാണ് ഒറ്റ ദിവസംകൊണ്ട് നമുക്ക് ശരിപ്പെടുത്തിയെടുക്കേണ്ടി വന്നത്. ഇരുമ്പുതോട്ടിയും ഇരുമ്പ് ചങ്ങലയും കഠാരയും കാരക്കോലുമൊക്കെയായി ആനകളെ വരുതിയിലാക്കുന്നത്ര എളുപ്പമാണോ കോടതികളെയും സ്ഥാപനങ്ങളെയും വരുതിയിലാക്കുന്നത്? പരവൂരിൽ 109 പേർ ചത്തെന്ന ഉമ്മാക്കി കാണിച്ച് കോടതികളും സ്ഥാപനങ്ങളും നിയമം കുത്തിപ്പൊക്കിയപ്പോൾ പൂരം വെറും ചടങ്ങാക്കി മാറ്റുമെന്ന് പറഞ്ഞത് ബുദ്ധിയായി. ചരിത്ര പ്രസിദ്ധമായ പൂരം തങ്ങളുടെ ഭരണകാലത്ത് നടത്താനായില്ല എന്നുവന്നാൽ അടുത്തമാസം നടക്കാനിരിക്കുന്ന തെരഞ്ഞെടുപ്പ് പൂരത്തിൽ തങ്ങൾക്ക് ക്ഷീണമാകുമെന്ന് ധരിച്ച മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയും ആഭ്യന്തര മന്ത്രി ചെന്നിത്തലയും വന്യജീവി മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണനും തൃശൂരിലെ സ്ഥാനാർത്ഥി പത്മജയും ഒന്നിച്ച് തൃശൂരിലേക്ക് പാഞ്ഞെത്തി. ഫെസ്റ്റിവൽ കോഡിനേഷൻ കമ്മിറ്റിയും ഇരുദേവസ്വങ്ങളും ചേർന്ന് വെടിക്കെട്ടിനും ആനയെഴുന്നെള്ളിപ്പിനും എതിരെയുള്ള നിയമനടപടികൾ ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് നിരാഹാരമിരിക്കുന്ന തേക്കിൻകാട് മൈതാനത്ത് ഒരുക്കിയ പന്തലിൽ വന്ന് കൊമ്പുകുത്തി. ഇടതുപക്ഷത്തിന്റെ സ്ഥാനാർത്ഥിയായ വി.എസ്. സുനിൽകുമാർ അവരേക്കാൾ നേരത്തെ തന്നെ വന്ന് കുത്തിയ കൊമ്പ് ഊരാനാകാതെ വിഷമിക്കുന്നുണ്ടായിരുന്നു. ഒരു പക്ഷത്തും ഇന്നുവരെ ഇടം കിട്ടിയിട്ടില്ലാത്ത ദേശീയകക്ഷിയും അതിന്റെ സ്ഥാനാർത്ഥിയും പന്തലിൽ തന്നെയായിരുന്നു കിടപ്പ് എന്ന് പറയേണ്ടതായിട്ടില്ല. പൂരത്തിന് മുമ്പേതന്നെ ഘടകപൂരങ്ങൾ അണിനിരന്ന പ്രതീതിയായിരുന്നു തേക്കിൻകാട് മൈതാനത്തെ നിരാഹാര പന്തലിൽ.

പകൽ കൊടും ചൂടിൽ നടത്തുന്ന ആനയെഴുന്നെള്ളിപ്പിനും സൈലന്റ് സോൺ ആയി പ്രഖ്യാപിച്ചിട്ടുള്ള തേക്കിൻകാട് മൈതാനത്ത് പെട്രോൾ പമ്പുകളുടെയും നൂറുകണക്കിന് രോഗികൾ കിടക്കുന്ന ആശുപത്രികളുടെയും മധ്യത്തിൽ നടത്തുന്നവെടിക്കെട്ടിനുമെതിരെ നിയമവും കോടതിയും തടസ്സവുമായി വന്നപ്പോൾ നമ്മുടെ ദേവസ്വം ഭാരവാഹിയായ പ്രൊഫസർ പ്രായോഗികമായ സമീപനമുണ്ടാകണം എന്നുമാത്രമേ പറഞ്ഞുള്ളൂ. എത്രയോ വാഹനാപകടങ്ങളുണ്ടാകുന്നു എത്രയോ ആളുകൾ ചത്തുപോകുന്നു എന്നുവച്ച് ആരെങ്കിലും വാഹനങ്ങൾ നിരോധിക്കാറുണ്ടോ എന്ന പ്രൊഫസറുടെ കുറിക്ക് കൊള്ളുന്ന ചോദ്യത്തിന് മുന്നിൽ പരവൂർ വെടിക്കെട്ടപകടത്തിന്റെ പേരും പറഞ്ഞ് നടന്നിരുന്ന നിരോധനക്കാരുടെ നാവിറങ്ങിപ്പോയി. ഇതാണ് പ്രൊഫസറുടെ ബുദ്ധി. ഉത്സവ സീസണിൽ കോടികൾ കൊല്ലം തോറും വരുമാനമുണ്ടാക്കുന്ന മാഫിയാ സംഘങ്ങൾക്കും അവരുടെ കൈയിൽ നിന്നും വിഹിതം പറ്റുന്ന ദേവസ്വം അധികാരികൾക്കുമാണ് വെടിക്കെട്ടും ആനയെഴുന്നെള്ളിപ്പും ഉപേക്ഷിക്കാനാവില്ലെന്ന നിർബന്ധം ഉണ്ടായിരുന്നതെന്നും ജനങ്ങൾക്കും കലാകാരന്മാർക്കും ഇതിലൊന്നും താത്പര്യമില്ലെന്നും ആരോപണം ഉന്നയിക്കുന്നവരുണ്ട്. കരാറുകാരില്ലെങ്കിൽ കലാകാരന് നിലനിൽപ്പില്ല എന്നറിയാത്തവരാണ് ഇത്തരം ആരോപണങ്ങളുമായി നടക്കുന്നത്. അഞ്ചുമാസം കൊണ്ട് വാടകയിനത്തിൽ മാത്രം 27 കോടി രൂപയാണ് ആനകളിൽ നിന്നുള്ള വരുമാനമെന്ന് ഒരു പത്രത്തിന്റെ ബിസിനസ്സ് പേജിൽ വന്ന ലേഖനം വായിച്ച് അസൂയപൂണ്ടവരാണ് ഇത്തരം അഭിപ്രായങ്ങൾ പ്രചരിപ്പിക്കുന്നത്. ആനയെ പരിപാലിക്കുന്നത് ബിസിനസ്സ് ആയതുകൊണ്ടല്ലേ മനോരമ പത്രത്തിൽ ലാഭനഷ്ടക്കണക്കുകൾ കൊടുക്കുന്ന ബിസിനസ്സ് പേജിൽ ലേഖനം വരാൻ കാരണമെന്ന് അവർ ചോദിക്കുന്നു. ആന ഒരു വികാരമാണെന്ന് പറഞ്ഞാൽ മനസ്സിലാകാത്തവരോട് തർക്കിക്കാൻ പോകാതിരിക്കുകയാണ് ഭേദം.

വെടിക്കെട്ടിനും ആനയെഴുന്നെള്ളിപ്പിനും അനുകൂലമായി തീരുമാനമെടുക്കാനുള്ള ചർച്ചയ്ക്ക് രാവിലെ ഒമ്പതു മണിക്ക് എത്തുമെന്ന് അറിയിച്ച മുഖ്യമന്ത്രി കാര്യത്തിന്റെ ഗൗരവം കണക്കിലെടുത്ത് ഒരു മണിക്കൂർ നേരത്തെ എട്ട് മണിക്ക് തന്നെയെത്തി. ആഭ്യന്തര മന്ത്രി ആറു മണിക്ക് തന്നെ എത്തിയിരുന്നു. വനം അരമണിക്കൂർ മുമ്പെത്തി. യുദ്ധകാലാടിസ്ഥാനത്തിൽ തന്നെയായിരുന്നു കാര്യങ്ങൾ നീങ്ങിയിരുന്നത്. വാതിലടച്ച് മുക്കാൽ മണിക്കൂർ ചർച്ച. അതുകഴിഞ്ഞ് കളക്ടർ വി. രതീശനേയും ഐ.ജി കെ. അനിൽകുമാറിനേയും കമ്മീഷണർ കെ.ജി. സൈമണേയും അകത്തേക്ക് വിളിച്ച് വാതിലടച്ച് വീണ്ടും 15 മിനിട്ട് ചർച്ച. വാതിൽ തുറന്ന് ദേവസ്വം ഭാരവാഹികളെ മുറിയിലേക്ക് വിളിച്ച് അവസാന ചർച്ച. എല്ലാവരും ഒന്നിച്ചിരുന്നപ്പോൾ കടലാസിൽ എഴുതിവച്ച നിയമങ്ങൾ കടലാസുപടക്കം പോലെ പൊട്ടിച്ചിതറി. അരമണിക്കൂർ കഴിഞ്ഞ് എല്ലാവരും കൂടി കെട്ടിപ്പുണർന്നും കൈകുലുക്കിയും ചിരിച്ചുമറിഞ്ഞും പുറത്തേക്കുവന്നു. ‘ആറന്മുളപ്പാടത്ത് വിമാനത്താവളം പണിയും, പാടത്ത് നിന്ന് ഒരു കൊട്ട മണ്ണ് എടുക്കുകയുമില്ല’ എന്ന സ്ഥിരം ശൈലിയിലുള്ള പ്രഖ്യാപനം ഉമ്മൻ ചാണ്ടിയുടെ വായിൽ നിന്നും പുറത്തേക്ക്. “നമ്മൾ പൂരം കഴിഞ്ഞവർഷങ്ങളിലേത് പോലെ ആഘോഷമായി നടത്തും. ആചാരത്തിന് എല്ലാ നിയന്ത്രണങ്ങളുമുണ്ടാവുകയും ചെയ്യും.”

നമ്മുടെ മുഖ്യന്ത്രിയോടാണ് നിയമത്തിന്റെ കളി! അദ്ദേഹത്തിന്റെ നേതൃത്വത്തിൽ സർവ്വകക്ഷിയോഗം ചേർന്നപ്പോൾ എവിടെപ്പോയി ഈ കൊമ്പത്തെ നിയമങ്ങളെല്ലാം. സത്യപ്രതിജ്ഞ ചെയ്ത അന്നുമുതൽ മുഖ്യമന്ത്രി നാഴികയ്ക്ക് നാൽപ്പതുവട്ടം പറയുന്നത് ‘നിയമം നിയമത്തിന്റെ വഴിക്ക് പോകും’ എന്നാണ്. ഇതുകേട്ടുകേട്ട് നാണിച്ച് നിയമം ഏതോ വഴിക്ക് ഇറങ്ങിപ്പോയിട്ട് അഞ്ചുകൊല്ലമായെന്ന് ഏതു കുട്ടിക്കാണ് അറിയാൻ പാടില്ലാത്തത്? തിണ്ണമിടുക്ക് കാണിക്കുന്നവനേ കാര്യം സാധിക്കൂ എന്നൊരു നിയമം മാത്രമെ നടപ്പാക്കേണ്ടതുള്ളൂ. ഫ്യൂഡൽ മനോനില കൊണ്ടുനടക്കുന്ന ദേവസ്വം ഭാരവാഹികളും ഈ നാട്ടിലെ പൗരന്മാർ തന്നെയല്ലേ? ഫ്യൂ

അരമണിക്കൂർ കഴിഞ്ഞ് എല്ലാവരും കൂടി കെട്ടിപ്പുണർന്നും കൈകുലുക്കിയും ചിരിച്ചുമറിഞ്ഞും പുറത്തേക്കുവന്നു. 'ആറന്മുളപ്പാടത്ത് വിമാനത്താവളം പണിയും, പാടത്ത് നിന്ന് ഒരു കൊട്ട മണ്ണ് എടുക്കുകയുമില്ല' എന്ന സ്ഥിരം ശൈലിയിലുള്ള പ്രഖ്യാപനം ഉമ്മൻ ചാണ്ടിയുടെ വായിൽ നിന്നും പുറത്തേക്ക്. "നമ്മൾ പൂരം കഴിഞ്ഞവർഷങ്ങളിലേത് പോലെ ആഘോഷമായി നടത്തും. ആചാരത്തിന് എല്ലാ നിയന്ത്രണങ്ങളുമുണ്ടാവുകയും ചെയ്യും."



അടിയന്തര യോഗം കൂടി, പൂരം വെടിക്കെട്ടിനും ആനയെഴുന്നെള്ളിപ്പിനുമുണ്ടായ നിയമ തടസ്സങ്ങൾ നീക്കി ഉമ്മൻചാണ്ടിയും സംഘവും പുറത്തേക്ക്.

ഡൽ മനോനില കൈമോശം വരാതെ നിലനിർത്തുന്നത് ഒരു ആചാരം തന്നെയാണല്ലോ. ജനാധിപത്യ രാജ്യമാകുമ്പോൾ ഫ്യൂഡൽ മനോനിലയും സംരക്ഷിക്കപ്പെടേണ്ടതാണ്.

ചർച്ചയ്ക്കുശേഷം വാതിൽ തുറന്നുള്ള നേതാക്കളുടെ ആ വരവിന് തെക്കോട്ടിറക്കത്തിന്റേതു പോലെയുള്ള ചന്തമുണ്ടായിരുന്നു. അവർ അകത്തിരുന്ന് നിയമങ്ങളോട് ഉപചാരം ചൊല്ലിപ്പിരിയുമ്പോൾ വെടിക്കെട്ട് നിരോധനത്തിൽ പ്രതിഷേധിക്കാൻ നിരാഹാരപ്പന്തലിലുണ്ടായിരുന്ന സമരഭടന്മാർ പൊട്ടാസുപൊട്ടിച്ച് നിരോധനത്തെ പരിഹസിക്കുകയായിരുന്നു. ചെറിയ കല്ലുകൊണ്ട് കുത്തിപ്പൊട്ടിക്കുന്ന പൊട്ടുപോലുള്ള കളിപ്പടക്കമായ പൊട്ടാസ് (ക്യാപ്) കുട്ടികൾ കളിക്കാൻ ഉപയോഗിക്കുന്നതാണ്. പൊട്ടാസു പൊട്ടിക്കുന്ന വേളയിൽ മറ്റുള്ളവർ ചെവിയിൽ വിരൽ തിരുകി നിന്ന് വെടിക്കെട്ടിന്റെ ശബ്ദത്തെ ഭയക്കുന്ന നിയമത്തെ കളിയാക്കി. ചർച്ച കഴിഞ്ഞ് പുറത്തേക്കെഴുന്നെള്ളിയ മുഖ്യമന്ത്രിയും മന്ത്രിമാരും ഉദ്യോഗസ്ഥ പ്രമുഖരും ദേവസ്വം അധികാരികളും അകത്തിരുന്നും പൊട്ടാസു പൊട്ടിച്ചു രസിക്കുകയായിരുന്നു എന്നറിഞ്ഞതോടെ നിരാഹാര പന്തലിലും ഉത്സവ പ്രതീതിയായി. അകത്തിരുന്നു പൊട്ടിച്ചത് പൊട്ടാസിന് പകരം പൗരന്റെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്ന നിയമങ്ങളും ഭരണഘടനയുടെ അടിസ്ഥാന മൂല്യങ്ങളുമായിരുന്നു എന്നൊരു ചെറിയ വ്യത്യാസമേ ഉണ്ടായിരുന്നുള്ളൂ. നിരാഹാരപന്തലിൽ ഫെസ്റ്റിവൽ കോ-ഓഡിനേഷൻ കമ്മിറ്റിയും സംഘവും നടത്തിയ പൊട്ടാസുപൊട്ടിക്കൽ അതുകൊണ്ടുതന്നെ പ്രതീകാത്മകമായിരുന്നു.


എന്തുവിലകൊടുത്തും കൊളപ്പുള്ളി അപ്ഫന്റെ നിലവറയിലിരിക്കുന്ന തിരുവാഭരണം കൊണ്ടുവന്ന് ദേശക്കാരുടെ ഉത്സവം നടത്തിക്കൊടുക്കുന്നതിൽ നിർവൃതി കണ്ടെത്തുന്ന അന്താരാഷ്ട്ര പൗരുഷത്തിന്റെ പ്രതീകമായ ആറാം തമ്പുരാനെപ്പോലെ നമ്മുടെ മുഴുവൻ രാഷ്ട്രീയകക്ഷികളിലെയും നേതാക്കന്മാർ എല്ലാ ഭേദചിന്തകളും മാറ്റിവച്ച് തോളോടുതോൾ ചേർന്നുനിന്ന് പ്രവർത്തിച്ചു എന്നത് വരാനിരിക്കുന്ന തലമുറകളെപ്പോലും പുളകം കൊള്ളിക്കാൻ പോന്ന ചരിത്ര സംഭവമാണ്. നൂറുകണക്കിന് ആറാം തമ്പുരാക്കന്മാർ കൈമെയ് മറന്ന് ഒന്നിച്ചുനിന്നപ്പോൾ സുപ്രീംകോടതിയിലെയും ഹൈക്കോടതിയിലെയും വന്യജീവിവകുപ്പിലെയും സകല അപ്ഫന്മാരും എല്ലാ നിയമങ്ങളും താലത്തിൽ തന്നെ എടുത്തുകൊടുത്തു. തൃശൂർ വെടിക്കെട്ട് നടത്തുന്നതിന് വേണ്ടി എല്ലാ പ്രതിസന്ധികളേയും അതിജീവിച്ച ഉമ്മൻ ചാണ്ടിയുടെ നാമം  ശക്തൻ തമ്പുരാനോടൊപ്പം ഭാവിതലമുറ ഓർക്കുകതന്നെ ചെയ്യും. തുള്ളിയുറഞ്ഞുവന്ന വെളിച്ചപ്പാടിന്റെ ശിരച്ഛേദം നടത്തുകയാണ് ശക്തൻ തമ്പുരാൻ ചെയ്തതെങ്കിൽ രാജ്യത്ത് ഉണ്ടാക്കിയെടുത്ത മുഴുവൻ ചട്ടങ്ങളുടേയും അടിവേരറുക്കുകയാണ് ഉമ്മൻ ചാണ്ടി ചെയ്തത്. എന്നിട്ടും തൃശൂർ അദ്ദേഹത്തോട് നന്ദികേടാണ് കാണിച്ചത്. ഇതിനു സമാനമായ അവസ്ഥതന്നെയാണ് പരവൂരിലും ഉണ്ടായിരുന്നത്. അവിടെയാണെങ്കിൽ കരാറുകാരന്റെ ലൈസൻസ് കാലാവധി പോലും ഒരു മാസം മുമ്പേ തീർന്നിരുന്നു. കളക്ടറും കമ്മീഷണറുമെല്ലാം വെടിക്കെട്ടിന് അനുമതി കൊടുക്കില്ലെന്ന ഒടുക്കത്തെ വാശിയിലും. കോൺഗ്രസ് നേതാവായ പീതാംബരകുറുപ്പ് ഇടപെട്ടിട്ടാണ് അവിടുത്തെ തടസ്സങ്ങളെല്ലാം മാറ്റിയത്. 'എല്ലാവരും മാറിക്കോ, എല്ലാവരും മാറിക്കോ, അതിനുമുമ്പ് ഒരു കാര്യം, ഈ വെടിക്കെട്ട് നടത്താൻ എല്ലാ സൗകര്യങ്ങളും ഒരുക്കിതന്നെ ഗുരുവായൂർ ദേവസ്വം ബോർഡ് ചെയർമാനും കൊല്ലത്തിന്റെ മുൻ എം.പിയുമായ പീതാംബരകുറുപ്പിന് പുറ്റിങ്ങൽ ദേവസ്വത്തിന്റെ ഹൃദയംഗമമായ നന്ദി അറിയിക്കുകയാണ്" എന്ന് വെടിക്കെട്ട് നടത്തുന്നതിനിടയിൽ സംഘാടകർ വിളിച്ചുപറഞ്ഞു. കമ്പക്കെട്ട് മത്സരം നടക്കുന്നിടത്താണ് സാധാരണ മൈക്ക് അനൗൺസ്മെന്റ് ഉണ്ടാവുക. തൃശൂരിൽ അങ്ങനെയൊരു

ആചാരം ഇല്ലാത്തതുകൊണ്ടായിരിക്കാം ഉമ്മൻചാണ്ടിയുടെ പേരെടുത്തു പറഞ്ഞ് നന്ദി പ്രകടിപ്പിക്കാൻ സാധിക്കാതിരുന്നത്. അല്ലെങ്കിലും നിഷ്കാമകർമ്മിയായ അദ്ദേഹം കർമ്മം ഭംഗിയായി ചെയ്യുന്നതിൽ നിന്നും കിട്ടുന്ന ആത്മഹർഷം മാത്രമേ പ്രതിഫലമായി പ്രതീക്ഷിക്കുന്നുണ്ടാവുകയുള്ളൂ. ഇതിനെല്ലാമിടയിൽ, ഭരണഘടനയേയും നീതിന്യായ വ്യവസ്ഥയേയും പൗരന്റെ ജീവിക്കാനുള്ള അവകാശത്തേയും അവഹേളിക്കുന്ന ഇത്തരം കൂട്ടുകെട്ടിൽ ആരൊക്കെ ഒന്നിച്ചാലും വി.എസ്. സുനിൽകുമാറിനെപ്പോലെ ഒരു കമ്മ്യൂണിസ്റ്റിന് എങ്ങനെ ഒപ്പം നിൽക്കാനാകുന്നു എന്ന് ഒരു നിഷേധി നിരാഹാരപ്പന്തലിന്റെ മൂലയിൽ നിന്ന് മുറുമുറുക്കുന്നതു കേട്ടു. 'താൻ വലതു കമ്മ്യൂണിസ്റ്റ് എന്നൊരു വാക്ക് കേട്ടിട്ടില്ലേടോ' എന്നൊരു മറുപടി കിട്ടിയതോടെ അയാളുടെ എല്ലാ സംശയവും അസ്തമിച്ചു.

ഭരണഘടനയേയും നീതിന്യായ വ്യവസ്ഥയേയും പൗരന്റെ ജീവിക്കാനുള്ള അവകാശത്തേയും അവഹേളിക്കുന്ന ഇത്തരം കൂട്ടുകെട്ടിൽ ആരൊക്കെ ഒന്നിച്ചാലും വി.എസ്. സുനിൽകുമാറിനെപ്പോലെ ഒരു കമ്മ്യൂണിസ്റ്റിന് എങ്ങനെ ഒപ്പം നിൽക്കാനാകുന്നു എന്ന് ഒരു നിഷേധി നിരാഹാരപ്പന്തലിന്റെ മൂലയിൽ നിന്ന് മുറുമുറുക്കുന്നതു കേട്ടു. 'താൻ വലതു കമ്മ്യൂണിസ്റ്റ് എന്നൊരു വാക്ക് കേട്ടിട്ടില്ലേടോ' എന്നൊരു മറുപടി കിട്ടിയതോടെ അയാളുടെ എല്ലാ സംശയവും അസ്തമിച്ചു.

രാവിലെ തൃശൂരിൽ നടന്ന യോഗത്തിൽ വെടിക്കെട്ടിനുള്ള എല്ലാ വിലക്കുകളും എടുത്തുകളഞ്ഞ ഉമ്മൻചാണ്ടി വൈകുന്നേരമായപ്പോൾ പരവൂരിൽ നടന്ന വെടിക്കെട്ടു ദുരന്തം ദേശീയ ദുരന്തമായി പ്രഖ്യാപിക്കണമെന്നും 117 കോടി രൂപ നഷ്ടപരിഹാരമായി കേന്ദ്രം തരണമെന്നും ആവശ്യപ്പെടുകയുണ്ടായി. ഈ ആവശ്യപ്പെടൽ പക്ഷെ അനാചാരമല്ല. അത് ആചാരം തന്നെയാണ്. ആ ചാരം തന്നെ അദ്ദേഹം തൃശൂരിലും സ്വപ്നം കണ്ടിരിക്കാം. എങ്കിൽ നൂറ്റിപ്പതിനേഴല്ല, അതിലും എത്രയോ ഇരട്ടി ചോദിക്കാമായിരുന്നു! സുനാമിക്ക് ശേഷം കേരളം കണ്ട ഏറ്റവും വലിയ ദുരന്തക്കാഴ്ച പരവൂരിന് ശേഷം തൃശൂരിലുമുണ്ടാക്കാമായിരുന്നു.

തൃശൂരിലെ കത്തോലിക്കാസഭയുടെ ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്താണ് വെടിക്കെട്ട് നടത്താനുള്ള നിരാഹാര സമരം ഉദ്ഘാടനം ചെയ്തത്. 'വാളെടുത്തവൻ വാളാൽ നശിക്കും' എന്ന ക്രിസ്തു വചനത്തെപ്പോലും അവഗണിച്ച് നാട്ടിലൊരു പ്രശ്നം വന്നപ്പോൾ അദ്ദേഹം അരമന വിട്ടിറങ്ങുകയും മതസൗഹാർദ്ദത്തിന്റെ അമിട്ട് വിരിയിക്കുകയും ചെയ്തു. വെടിമരുന്നെടുത്തവൻ വെടിമരുന്നിനാൽ നശിക്കുകയും ഒരു നാടിനെ മുഴുവൻ നശിപ്പിക്കുകയും ചെയ്തിട്ട് ഒരാഴ്ച തികഞ്ഞിട്ടില്ല. ദേവാലയങ്ങളിൽ പെരുന്നാളിനോടനുബന്ധിച്ച് വെടിക്കെട്ട് നടത്തുന്നത് പൂർണ്ണമായും ഒഴിവാക്കണമെന്ന് കേരള കത്തോലിക്ക മെത്രാൻ സമിതി (കെ.സി.ബി.സി) അദ്ധ്യക്ഷനും മലങ്കര കത്തോലിക്കസഭാ മേജർ ആർച്ച് ബിഷപ്പുമായ കർദ്ദിനാൾ മാർ ബസേലിയോസ് ക്ലിമ്മിസ് കത്തോലിക്കബാവ പത്രങ്ങളിലൂടെ അഭ്യർത്ഥിച്ചിരുന്നു. പരവൂരിലെ ദുരന്തം ഭാവിയിലെ ആഘോഷങ്ങൾക്ക് പാഠമാകണമെന്നും അദ്ദേഹം പറഞ്ഞു. കരിമരുന്നുപ്രയോഗം ഒഴിവാക്കണമെന്ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കത്തോലിക്കബാവയും അഭിപ്രായപ്പെട്ടു. ധാരാളം പള്ളികൾ സ്വമേധയാ കരിമരുന്ന് പ്രയോഗത്തിന് മാറ്റിവച്ച പണം വീടില്ലാത്തവർക്ക് വീട് നിർമ്മിച്ചു നൽകുന്നതടക്കമുള്ള കാരുണ്യപ്രവർത്തനത്തിന് മാറ്റിവയ്ക്കുന്ന വാർത്തകൾ നിരന്തരം വന്നുകൊണ്ടിരിക്കുമ്പോൾ തൃശൂരിലെ ബിഷപ്പ് വെടിക്കെട്ട് നടത്താനുള്ള സമരത്തിൽ പങ്കെടുക്കുന്നത് അദ്ദേഹത്തിന്റെ പേരിനോടൊപ്പം താഴത്ത് എന്നുള്ളതുകൊണ്ടല്ല. ഈ അവസരം മതസൗഹാർദ്ദത്തിന് വേണ്ടിയുള്ള മഹനീയ സന്ദർഭമാക്കണം എന്ന ഉൾവിളിയെ തടുക്കാൻ കഴിയാഞ്ഞിട്ടാവണം അദ്ദേഹം ഇതിന് തയ്യാറായിട്ടുണ്ടാവുക. ഉൾവിളി തടുക്കാനാകാതെ വരുമ്പോൾ പൂരപ്പറമ്പിലേക്ക് കയറുന്നത് തൃശൂരിലെ പതിവാണ്. അല്ലെങ്കിൽത്തന്നെ അദ്ദേഹത്തിന് തൃശൂർ റൗണ്ടിനോട് പ്രത്യേക സ്നേഹമുണ്ട്. പതിവുപോലെ അടുത്ത ക്രിസ്തുമസിനും നത്താലെ നടത്താനും പ്ലാസ്റ്റിക് ഉറകളാൽ കുളിപ്പിച്ചു കിടത്താനുമുള്ള നഗരമാണ്. ബിഷപ്പിനെപ്പോലെ എപ്പോഴും താഴത്ത് മാത്രം നിൽക്കുന്ന ഒരനുയായി സഭയിലുണ്ടാകുമെന്ന് ക്രിസ്തുവിന് രണ്ടായിരം കൊല്ലങ്ങൾക്ക് മുമ്പേ അറിയാമായിരുന്നു. അദ്ദേഹം അന്നേ പറഞ്ഞുവച്ചിരിക്കുന്നു. "സ്വന്തം പാരമ്പര്യങ്ങൾ പാലിക്കാൻ വേണ്ടി കൗശലപൂർവ്വം നിങ്ങൾ ദൈവകല്പനകൾ വിട്ടുകളഞ്ഞിരിക്കുന്നു". (You have a fine way of setting aside the commands of God in order to observe your own traditions).



പുറ്റിങ്ങൽ ക്ഷേത്രത്തിൽ നടന്ന മത്സരക്കമ്പത്തിന്റെ നോട്ടീസ്

പരവൂർ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പൂരം വെടിക്കെട്ടിന് നിയന്ത്രണം കൊണ്ടുവരേണ്ടതില്ല എന്ന തീരുമാനത്തിന് മറ്റ് മതക്കാരുടെ പിന്തുണയും ഉണ്ടായിരുന്നു. മാർക്സിസ്റ്റ് മതത്തിന്റെ ജില്ലാ സെക്രട്ടറി കെ. രാധാകൃഷ്ണൻ, വെടിക്കെട്ടിന് അനുമതി നൽകിയത് സ്വാഗതാർഹമാണെന്നും തനിക്ക് സന്തോഷമുണ്ടെന്നും പറഞ്ഞു. പത്രങ്ങൾ ആഹ്ലാദം പൂണ്ട് മുഖപ്രസംഗങ്ങൾ എഴുതി. അതേപേജിൽ തന്നെ പരവൂർ ദുരന്തത്തിന്റെ ചിത്രങ്ങളും വാർത്തകളുമായി അവർ വായനക്കാരെ കണ്ണീർക്കയത്തിലിട്ട് മുക്കിത്തുടിച്ചു. സാമ്പിൾ വെടിക്കെട്ട് തുടങ്ങാൻ ഒന്നര മണിക്കൂർ വൈകിയത് ഉദ്യോഗസ്ഥരുടെ നടപടികളിലെ വീഴ്ചകൊണ്ടാണെന്ന് ദേശാഭിമാനി കെറുവിച്ചു. തൃശൂർ പൂരം പൈതൃക ഉത്സവം എന്ന നിലയിൽ സുരക്ഷിതമായി നടത്തുന്നതിന് പ്രത്യേക നിയമനിർമ്മാണം തന്നെ നടത്തണമെന്ന് തൃശൂരിലെ എൽ.ഡി.എഫ് സ്ഥാനാർത്ഥി വി.എസ്. സുനിൽകുമാർ ആവശ്യപ്പെട്ടു. തൃശൂരിലെ സായിത്യകാരന്മാരും ഒപ്പമുണ്ടായിരുന്നു. തലയെടുപ്പുകൊണ്ടും ലക്ഷണത്തികവുകൊണ്ടും മുൻനിരയിൽ നിൽക്കുന്ന തൃശൂരിലെ സായിത്യകാരനായ കെ. രഘുനാഥൻ തെക്കേനടയിലെ ഉപവാസം ക്വിറ്റ് ഇന്ത്യ എന്നുപറയുന്നതുപോലെയുള്ള വലിയ ആജ്ഞയായിരുന്നുവെന്ന് അഭിവീക്ഷണം ചെയ്യുകയും ഫോക്‌ലോറിസ്റ്റ് പരിപ്രേക്ഷ്യത്തോടെ പ്രാന്തവത്കരിക്കപ്പെട്ട പ്രാക്തന ചരിത്ര വിജ്ഞാനീയത്തെ അപനിർമ്മിച്ച് അടയാളപ്പെടുത്തുകയും ചെയ്തു. അതിനുവേണ്ടി അദ്ദേഹം മാതൃഭൂമി പത്രത്തിലെഴുതിയ ലേഖനത്തിൽ റൂസോയേയും ഇടശ്ശേരിയേയും കത്തികാണിച്ച് കൂടെ നിർത്തി.

ഇതെല്ലാം വായിച്ച്, രാജ്യത്ത് നിലവിലുള്ള മുഴുവൻ നിയമങ്ങളും തൃശൂർ പൂരത്തിന്റെ നടത്തിപ്പിനായി ദേവസ്വങ്ങളും ഫെസ്റ്റിവൽ മാഫിയയും ചേർന്ന് തിണ്ണമിടുക്ക് കാണിച്ച് ജനകീയ നേതാക്കളെ കൊമ്പുകുത്തിച്ചുകൊണ്ട് അട്ടിമറിച്ചു എന്ന് തെറ്റിദ്ധരിക്കരുത്. വെടിക്കെട്ടപകടത്തിൽപ്പെട്ട് ശരീരം ചിതറിത്തെറിച്ച് പോവുക, കൊടുംചൂടിൽ ആയുധങ്ങളുപയോഗിച്ച് വ്രണങ്ങളിലേൽപ്പിക്കുന്ന വേദന സഹിക്കാതെ വിരണ്ടോടുന്ന ആനകളുടെ കാലിനടിയിൽപ്പെട്ടുപോവുക തുടങ്ങിയ ഉടൻ മരണം സംഭവിക്കാവുന്ന കാര്യങ്ങളിൽ മാത്രമേ നിയമത്തിൽ വിട്ടുവീഴ്ച ചെയ്തിട്ടുള്ളൂ. അതായത്, വർത്തമാന സംഭവങ്ങളിൽ ഒരു പ്രായോഗിക സമീപനം എടുത്തുവെന്ന് മാത്രം. ഭാവിയെ നമ്മൾ എപ്പോഴും പരിഗണിക്കുന്നുണ്ട്. കാൻസർ, ക്ഷയം, ബ്രോങ്കൈറ്റിസ്, ആസ്തമ തുടങ്ങി മനുഷ്യനെ ഇഞ്ചിഞ്ചായി കൊല്ലുന്ന രോഗങ്ങളുണ്ടാക്കുന്ന അത്യന്തം അപകടകരവും ദൂരവ്യാപക പ്രത്യാഘാതങ്ങളുണ്ടാക്കുന്നതുമായ അതിഘോരമായ ഒരു കുറ്റകൃത്യം ചില കൊടുംകുറ്റവാളികൾ ഇക്കാലത്തും നടത്തുന്നുണ്ട്. അതാണ് പുകവലി. അതുകൊണ്ട് പുകവലി നഗരത്തിൽ മൂന്ന് ദിവസത്തേക്ക് കർശനമായി നിരോധിച്ചിരുന്നു. എ.ഡി.എം ആണ് ആരോഗ്യവകുപ്പിന് വേണ്ടി പൂരപ്പറമ്പ് പുകവലി നിരോധിത മേഖലയായി പ്രഖ്യാപിച്ചത്. ടെക്നിക്കൽ അസിസ്റ്റന്റ് ആന്റ് ജില്ലാ ഹെൽത്ത് ഓഫീസർ ടി.കെ. രാജുവിനെ ടീം ലീഡറായി നിയമിച്ചുകൊണ്ട് നിരോധിത മേഖലയിൽ ആരെങ്കിലും ബീഡി, സിഗരറ്റ് തുടങ്ങിയ മാരക വസ്തുക്കളുടെ അറ്റത്ത് തീകൊളുത്തുന്നുണ്ടോ എന്ന് അന്വേഷിക്കാൻ ചുമതലപ്പെടുത്തി. മാത്രവുമല്ല, പത്ത് ഹെൽത്ത് ഇൻസ്പെക്ടർമാർ അടങ്ങുന്ന രണ്ട് സ്ക്വാഡുകളെയും പോലീസ് ഉദ്യോഗസ്ഥരുടെ സംഘത്തേയും അദ്ദേഹത്തിന്റെ കീഴിൽ നിയോഗിച്ചു. അവർ ബോൺ ക്രിമിനലുകളായ 137 കുറ്റവാളികളെ പുകവലിച്ചുകൊണ്ട് നിൽക്കുമ്പോൾ തൊണ്ടി സഹിതം വളഞ്ഞിട്ട് പിടിക്കുകയും സ്ഥലത്തുവച്ചുതന്നെ കീഴ്പ്പെടുത്തുകയും 22,700 രൂപ പിഴയായി ഈടാക്കുകയും ചെയ്തു. പിഴയടയ്ക്കാൻ സമ്മതിക്കാതെ നിയമത്തെ വെല്ലുവിളിച്ച അഞ്ച് രാജ്യദ്രോഹികൾക്കെതിരെ 2003ലെ സിഗരറ്റ് ആന്റ് അദർ ടൊബാക്കോ പ്രോഡക്ട് ആക്ട് പ്രകാരം കേസ് ചാർജ്ജ് ചെയ്തു. പിഴയടച്ചില്ലെങ്കിൽ അവരെ വിചാരണ കൂടാതെ കൽത്തുറുങ്കിൽ അടയ്ക്കുകയോ പൂരം നടക്കുന്നിടത്ത് പരസ്യമായി ശൂലത്തിലേറ്റുകയോ പോലുള്ള കടുത്ത നടപടികളിലേക്ക് ഭരണകൂടത്തിന് നീങ്ങേണ്ടി വരുമെന്ന് നിയമ വൃത്തങ്ങളിൽ നിന്നും റിപ്പോർട്ടുകളുണ്ട്.

ജനങ്ങൾ പരിഭ്രമിക്കരുത്. രാജ്യം ഇപ്പോ

ഴും നിയമവ്യവസ്ഥയ്ക്കകത്തുതന്നെയാണ്.

**വാൽക്കഷ്ണം:**

സ്ഫോടകവസ്തുക്കളാൽ കൈയും കാലും തലയുമറ്റ് ശരീരം ഛിന്നഭിന്നമായി പോകാതിരിക്കാൻ, മദമിളകിവരുന്ന കാട്ടുമൃഗത്തിന്റെ കാൽക്കീഴിൽപ്പെട്ട് ചതഞ്ഞരയാതിരിക്കാൻ ഇനി ഒറ്റ വഴിയേയുള്ളൂ. കോടതിയിൽ ഹർജി കൊടുത്തിട്ടോ, നീതിന്യായ സ്ഥാപനങ്ങളിൽ കയറിയിറങ്ങിയിട്ടോ, പ്രതിഷേധ പ്രകടനം നടത്തിയിട്ടോ, രാഷ്ട്രീയക്കാരെ കണ്ടിട്ടോ ഒന്നും ഒരു കാര്യവുമില്ല. 'കരിയും വേണ്ട, കരിമരുന്നും വേണ്ട' എന്നുപറഞ്ഞ ശ്രീനാരായണഗുരുവിന്റെ പ്രതിമ പരവൂരിലെ ദുരന്തത്തിൽപ്പെട്ട് തലയും ഉടലും വേർപ്പെട്ട് കിടക്കുകയാണ്. സന്ന്യാസിമാരുടേയോ ജ്ഞാനികളുടേയോ വാക്കുകളും രക്ഷിക്കില്ല. വെടിമരുന്ന്-ആന മാഫിയ-ദേവസ്വം കൂട്ടുകെട്ട് ഭക്തജനങ്ങളെ അണിനിരത്തി അതിനെയെല്ലാം അതിജീവിക്കും. ചെയ്യാവുന്നത് ഇതാണ്, ഒരു കിടിലൻ ജ്യോതിഷിയെ കൊണ്ടുവന്ന് അഷ്ടമംഗല്യപ്രശ്നം നടത്തുക. എന്നിട്ട് അദ്ദേഹത്തെക്കൊണ്ട് 'വെടിക്കെട്ടും ആനപീഢനവും ദേവന് ഹിതകരമല്ല' എന്ന് പറയിക്കുക. ഈശ്വരൻ മാത്രമാണ് ഇനി രക്ഷ. അവിടുത്തെ പാദാരവിന്ദങ്ങളിൽ നമസ്കരിക്ക...ഒരു വഴി അവിടുന്ന് കാണിച്ചുതരാതിരിക്കില്ല.

ഓം നമഃശിവായ. ■

## പുറ്റിങ്ങൽ ക്ഷേത്രത്തിലെ വെടിക്കെട്ടു ദുരന്തത്തിന് സാക്ഷ്യം വഹിച്ച ഫയർഫോഴ്സിലെ ഫയർ ഓഫീസർ എ. സുനിലിന്റെ വാക്കുകൾ:

"**ഞങ്ങൾ** അഞ്ചുപേരാണ് ഡ്യൂട്ടിക്കുണ്ടായിരുന്നത്. കാഷാലിറ്റിയുണ്ടായാൽ നേരിടാനുള്ള അത്യാവശ്യം സൗകര്യങ്ങളുണ്ടായിരുന്നു. വൈകുന്നേരം വരെ ഒന്നും സംഭവിച്ചില്ല. സന്ധ്യ മയങ്ങിയതോടെ ആയിരക്കണക്കിന് ആളുകൾ ക്ഷേത്രമൈതാനത്ത് ഒഴുകിയെത്തി. ഇവിടുത്തെ കമ്പത്തെക്കുറിച്ച് പലരും പറഞ്ഞ് കേട്ടിട്ടുണ്ട്. നേരിട്ട് കാണാത്തതിനാൽ തീവ്രതയെക്കുറിച്ച് അറിയുമായിരുന്നില്ല.

രാത്രിയായതോടെ മൈതാനം നിറഞ്ഞുകവിഞ്ഞു. ആശാന്മാർ കമ്പത്തിന് മുന്നൊരുക്കങ്ങൾ തുടങ്ങി. കണ്ണെത്താദൂരത്തോളം പടർന്നുകിടക്കുന്ന ജനസഞ്ചയം കാരണം ഒന്നും വ്യക്തമായി കാണാൻ കഴിയുമായിരുന്നില്ല. ഇതിനിടെ ഡ്യൂട്ടിയിലുള്ളവർക്ക് ഭക്ഷണമെത്തി. ഞാനും മറ്റൊരു സഹപ്രവർത്തകനും ഞങ്ങളുടെ ഭക്ഷണപ്പൊതി ക്ഷേത്രമൈതാനത്തെ ചായക്കടക്കാരന്റെ മക്കൾക്ക് നൽകി. കമ്പം നടക്കുമോ ഇല്ലയോ എന്ന സംശയം കാണികളിലുണ്ടായിരുന്നു. അവർ അക്ഷമരാവുകയും ബഹളം വയ്ക്കുകയും ചെയ്തുകൊണ്ടിരുന്നു. സമയം രാത്രി 11.45. ആദ്യത്തെ അമിട്ട് പൊട്ടിയത് അപ്പോഴാണ്. ഭൂമിയിൽ കുഴിച്ചിട്ട അമിട്ട് അതിഭയങ്കരമായ ശബ്ദത്തോടെ പൊട്ടിച്ചിതറി. എന്താണ് സംഭവിക്കുന്നതെന്നറിയാൻ രണ്ട് നിമിഷമെടുത്തു. പെട്ടെന്ന് ഞങ്ങൾ നിൽക്കുന്ന ഭാഗത്ത് നിന്നും ഒരു നിലവിളി കേട്ടു. ഞങ്ങൾ അവിടേക്ക് ഓടിയെത്തുമ്പോൾ ഒരു പയ്യൻ രക്തം ഛർദ്ദിക്കുന്നു. തൊട്ടടുത്തുണ്ടായിരുന്ന ആംബുലൻസ് വിളിച്ച് പയ്യനെക്കയറ്റി സർക്കാർ ആശുപത്രിയിലേക്ക് അയച്ചു. ഇനിയൊന്നും സംഭവിക്കരുതേ എന്ന് ദേവിയോട് പ്രാർത്ഥിച്ചു. ജനക്കൂട്ടം ആർത്തുവിളിക്കുകയാണ്. ഓരോ കമ്പത്തിനിടയിലും നിമിഷങ്ങളുടെ ഇടവേളകൾ. ജനക്കൂട്ടം ആശാന്മാരേയും ക്ഷേത്രഭാരവാഹികളേയും തെറിവിളിക്കുന്നു. തങ്ങൾക്ക് ബോറടിക്കുകയാണെന്ന് അവർ വിളിച്ചുകൂവി.

നൂറുകൊല്ലത്തിലധികം പഴക്കമുള്ള ക്ഷേത്രം. മത്സരക്കമ്പം നടത്താൻ ഒട്ടും അനുയോജ്യമല്ലാത്തയിടം. തൊട്ടടുത്തെല്ലാം വീടുകൾ. ആയിരക്കണക്കിന് ആളുകളാണ് ദേവീക്ഷേത്രത്തിന് സമീപം താമസിക്കുന്നത്. പുറ്റിങ്ങൽ ദേവിയുടെ ഇഷ്ട നിവേദ്യം എന്തായിരുന്നു എന്നു ചോദിച്ചാൽ കമ്പമാണെന്ന് നാട്ടുകാർ പറയും. നൂറ്റാണ്ടുകൾക്ക് മുമ്പ് തുടങ്ങിയ ആചാരമാണിതെന്നും നാട്ടുകാർ പറയുന്നു. പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ നിന്നാണ് കമ്പം കാണാൻ ജനസഞ്ചയം പരവൂരിലേക്ക് ഒഴുകിയിരുന്നത്. ക്ഷേത്രത്തിന് ചുറ്റുമുള്ളവർക്ക് കമ്പത്തിന്റെ അപകടമറിയാം. അതിനാലവർ കമ്പം കാണാൻ തൊട്ടടുത്ത് നിൽക്കാറില്ല. പണ്ട് കമ്പം കാണാൻ പരവൂരിലേക്ക് പ്രത്യേകം തീവണ്ടി സർവ്വീസ് നടത്തിയിരുന്നു.

ക്ഷേത്രത്തിന് ചുറ്റോടുചുറ്റുമാണ് കമ്പം കത്തിക്കാറുള്ളത്. കമ്പത്തിനോട് ചേർന്നുതന്നെ ജനങ്ങളും നിൽക്കും. മൈക്കിലൂടെ കമന്ററിയുണ്ടാകും.

ഒരു എയ്സ് ഓട്ടോ ജനങ്ങൾക്കിടയിലൂടെ അങ്ങോട്ടുമിങ്ങോട്ടും വേഗത്തിൽ പായുന്നുണ്ടായിരുന്നു. വെടിമരുന്നുമായി സഞ്ചരിക്കുന്ന ഓട്ടോറിക്ഷയാണ് ഇതെന്ന് മനസ്സിലാക്കിയില്ല. ജനക്കൂട്ടം അണപൊട്ടിയ ആവേശത്തിലായിരുന്നു. അപ്പോൾ സമയം രാത്രി രണ്ടേമുക്കാലായി. പെട്ടെന്ന് ക്ഷേത്രം വക മൈക്ക് അനൗൺസ്മെന്റ്.

'ആശാൻ കാണികളെ മുഷിപ്പിക്കരുത്. എത്രയും വേഗം ഇഷ്ടമുള്ളതൊക്കെ ചെയ്യുക.' ഇതോടെ ഒരു പൊരിക്കലായിരുന്നു. ഞാൻ വാച്ചിലേക്ക് നോക്കി. സമയം മൂന്ന് മണി. കൃത്യം 3.12ന് ലോകം അവസാനിച്ചതുപോലെ ഒരു ശബ്ദം. ഭൂമി നിറഞ്ഞുകത്തുന്നു. വൈദ്യുതി ഭയങ്കരമായ ശബ്ദത്തോടെ പൊട്ടിനിലച്ചു. ഞാൻ ഒപ്പമുള്ളവരെ നോക്കി. എന്റെ സഹപ്രവർത്തകരെ ഞാൻ തീഗോളത്തിന്റെ പ്രകാശത്തിൽ കണ്ടു. ഭാഗ്യം, ഞങ്ങളെല്ലാവരും ജീവിച്ചിരുപ്പുണ്ട്. ഭൂമി നിന്ന് കത്തുകയാണ്. കൂട്ടനിലവിളികൾക്കപ്പുറത്താണ് അഗ്നിയുടെ ഹുങ്കാരം. ഞങ്ങൾ ചുറ്റും വെള്ളം ചീറ്റിക്കാൻ തുടങ്ങി. വൈദ്യുതിയില്ലാത്തതിനാൽ ഒന്നും കാണാനാകുന്നില്ല. ആകെയുള്ള വെളിച്ചം അഗ്നിയാണ്. പൊടുന്നനെ ചുവന്നപൊട്ടുപോലെ ഒരു പയ്യൻ ഞങ്ങളുടെ മുന്നിലെത്തി.

'സാറെ, എന്റെ കൈ അറ്റുപോയി', അറ്റുപോയ വലതുകൈ ഇടതുകൈകൊണ്ട് താങ്ങിപ്പിടിച്ചിരിക്കുകയാണ് പയ്യൻ. ഞാൻ ഒരു ആംബുലൻസിന് വേണ്ടി ഓടി. അവനെക്കയറ്റി കൂടെയുള്ള ഒരാളെയും ചേർത്ത് അയച്ചു. ഞ

ങ്ങൾ മുന്നോട്ടുനീങ്ങി. തറമുഴുവൻ ശരീരഭാഗങ്ങൾ. ഒരാൾ ഉറക്കെ വിളിക്കുന്നു. 'ചവിട്ടരുത്, തലച്ചോറാണ്.' മൊബൈൽ ഫോണിൽ എല്ലാവരെയും വിളിച്ചു. ആദ്യം 100, കൊല്ലം ഫയർസ്റ്റേഷൻ, വർക്കല, ചാമക്കട, കുണ്ടറ. ഞങ്ങളുടെ മേലുദ്യോഗസ്ഥർ ഓടിക്കിതച്ചെത്തി. തിരുവനന്തപുരത്ത് നിന്നും ഫയർഫോഴ്സ് മേധാവി വന്നു. 3.14ന് ആണ് ആദ്യത്തെ കോൾ 100 ലേക്ക് പോയത്. പ്രൈവറ്റ് ബസുകൾ, ഓട്ടോറിക്ഷകൾ എല്ലാവരും ഓടിക്കിതച്ചെത്തി. അവരാണ് ആദ്യം ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തിയത്. കൈയും കാലും അറ്റുപോയവരെ ബൈക്കിലിരുത്തി ആശുപത്രിയിൽ പോയവർ വരെ ഇക്കൂട്ടത്തിലുണ്ട്. എന്താണ് സംഭവിച്ചതെന്ന് ഞങ്ങൾക്ക് ഒരുരൂപവുമുണ്ടായിരുന്നില്ല. അരുതാത്തതെല്ലാം സംഭവിച്ചു എന്നുമാത്രമാണ് മനസ്സിലാക്കാനായത്. ജീവിതത്തിൽ ഇത്തരം ഒരനുഭവം മുമ്പുണ്ടായിട്ടില്ല. ഇനിയുണ്ടാവുകയുമില്ല."

(ഫയർമാൻ സുനിൽ ഭക്ഷണം നൽകിയ കുട്ടികളുടെ അച്ഛനമ്മമാർ അവിടെ വീണുമരിച്ചിരുന്നു. പത്തിൽ പഠിക്കുന്ന കൃഷ്ണയും ഏഴിൽ പഠിക്കുന്ന കിഷോറും. ഇവരുടെ അച്ഛൻ ബൻസി ഉന്തുവണ്ടിയിൽ പച്ചക്കറി കച്ചവടം നടത്തുന്നയാളായിരുന്നു. ഭാര്യ ബേബി ഗിരിജ തൊഴിലുറപ്പ് ജോലിക്കാരിയും. ഇവർക്ക് സ്വന്തമായി വീടില്ല. പുറ്റിങ്ങൽ മൈതാനത്ത് ഉത്സവ ദിനങ്ങളിൽ ചായക്കട നടത്താനെത്തിയതായിരുന്നു ഇവർ. കിഷോറും കൃഷ്ണയും അച്ഛനമ്മമാരെ സഹായിക്കാനും. തൊട്ടടുത്ത ബന്ധുവീട്ടിലേക്ക് അൽപ്പനേരം മുമ്പ് പോയതുകൊണ്ട് കുട്ടികൾ രക്ഷപെടുകയായിരുന്നു. അനാഥരായ കൃഷ്ണയേയും കിഷോറിനേയും സർക്കാർ ഏറ്റെടുക്കുമെന്ന് കേൾക്കുന്നു).

*കടപ്പാട്: കലാകൗമുദി വാരിക* ■

## മത്സരക്കമ്പത്തിനെതിരെ പങ്കജാക്ഷി അമ്മ നൽകിയ പരാതിയുടെ പൂർണ്ണരൂപം

**ബഹുമാനപ്പെട്ട** കളക്ടർ സമക്ഷം ബോധിപ്പിക്കുന്ന അപേക്ഷ. എന്റെ പേര് പങ്കജാക്ഷി. വയസ് 80. ഞാൻ ലണ്ടനിൽ താമസമാക്കിയതും രണ്ട് പെൺമക്കളുടെ അമ്മയുമാണ്. ഇംഗ്ലണ്ടിൽ 1969ൽ പോയതും ആ വർഷം തന്നെ ബ്രിട്ടീഷ് പൗരത്വം ലഭിച്ചതുമാണ്.

ഞാൻ പരവൂർ കുറുമണ്ടൽ ചേരിയിൽ ജനിച്ചുവളർന്നതും എന്റെ കുടുംബ ഓഹരിയായി കിട്ടിയ 25 സെന്റ് സ്ഥലം (പരവൂർ പുറ്റിങ്ങൽ ദേവീക്ഷേത്രത്തിന് സമീപവും ശ്രീനാരായണ ഗുരു മന്ദിരത്തിന് സമീപവും) പങ്കജം എന്ന വീട്ടുപേരിൽ മൂന്ന് വർഷമായി താമസമാക്കിയതുമാണ്.

എനിക്ക് ബഹുമാനപ്പെട്ട കളക്ടർ അവർകളോട് ബോധിപ്പിക്കാനുള്ളത് വർഷം തോറും പരവൂർ പുറ്റിങ്ങൽ ദേവീക്ഷേത്രത്തിനോടനുബന്ധിച്ചിട്ടുള്ള എന്റെ വീടിന് പറ്റിയ കേടുപാടുകളെക്കുറിച്ചാണ്. എന്റെ വീടുവച്ച ആദ്യവർഷം കമ്പത്തിനോടനുബന്ധിച്ച് വളരെയധികം നാശനഷ്ടങ്ങളുണ്ടായി. അതിൻ പ്രകാരം അതിന്റെ അടുത്ത ദിവസം ക്ഷേത്രഭാരവാഹികൾ (ഏകദേശം 10-12 പേരടങ്ങുന്ന ആളുകൾ) വീട്ടിൽ വരുകയും ആ സമയം ഒരു വീഡിയോഗ്രാഫർ എന്റെ വീടിന് പറ്റിയ കേടുപാടുകൾ റെക്കോർഡ് ചെയ്തുകൊണ്ടിരിക്കുകയുമായിരുന്നു. അതുമൂലം ഈ വന്ന ഭാരവാഹികൾ എന്നോട് സംസാരിച്ചതും അവർ തന്ന ഉറപ്പുകളും എല്ലാം റെക്കോർഡിൽ പകർത്തിയിട്ടുണ്ട്. എന്തെന്നാൽ അവർ പറഞ്ഞത് ഇപ്പോഴുണ്ടായിട്ടുള്ള നാശനഷ്ടങ്ങളെല്ലാം ശരിയാക്കിത്തരാമെന്ന് ഉറപ്പുതന്നു. അതുപോലെ തന്നെ ഇനിമേൽ ഇതുപോലെയുള്ള കേടുപാടുകൾ ഉണ്ടാകാതിരിക്കാൻ ശ്രമിക്കുമെന്നും ഉറപ്പുതന്നു.

എന്നാൽ കഴിഞ്ഞ രണ്ട് വർഷം മുമ്പ് ഉള്ളതുപോലെത്തന്നെ മത്സരക്കമ്പം യഥാക്രമം നടക്കുന്നു. കഴിഞ്ഞമാസം 23ന് ഞാൻ നാട്ടിൽ വരുകയും ഈ വർഷത്തെ ഉത്സവത്തിന്റെ നോട്ടീസ് ഞാൻ കാണുകയുമുണ്ടായി. അതിൽ ഏപ്രിൽ 9ന് മത്സരക്കമ്പം ഉണ്ടെന്ന് കാണുകയുണ്ടായി. എന്റെ വീടും മത്സരക്കമ്പം നടത്തുന്ന സ്ഥലവുമായിട്ട് ഏകദേശം 25 മീറ്റർ മാത്രമാണുള്ളത്. മത്സരക്കമ്പം രാത്രി 10 മണിക്ക് തുടങ്ങിയാൽ രാവിലെ 5-6 മണിവരെ നീണ്ടുനിൽക്കും. ആ സമയങ്ങളിൽ എനിക്ക് എന്റെ വീട്ടിൽ താമസിക്കാൻ പറ്റുകയില്ല. എന്തെന്നാൽ അത്ര ഭയാനകമാണ് ആ സമയം. പിന്നെ എന്റെ വീടും മത്സരക്കമ്പം നടക്കുന്ന സ്ഥലവുമായി മുമ്പ് എഴുതിയതുപോലെ അടുത്താണ്.

എനിക്ക് രണ്ട് പ്രാവശ്യം ആൻജിയോപ്ലാസ്റ്റി ചെയ്തതും ബൈപ്പാസ് സർജറി കഴിഞ്ഞതുമാണ്. ഈ മത്സരക്കമ്പം നടക്കുന്ന സമയങ്ങളിൽ കുറച്ച് അകലെയുള്ള വീട്ടിൽ പോയിരിക്കും. അതുപോലെ തന്നെ കമ്പം കഴിഞ്ഞാൽ വീടും പരിസരവും കമ്പത്തിന്റെ അവശിഷ്ടങ്ങൾ നിറഞ്ഞുകിടക്കും. അതു വൃത്തിയാക്കാൻ വേണ്ടി ആളുകൾക്ക് ശമ്പളം കൊടുക്കേണ്ടി വരുന്നു.

എനിക്ക് ബഹുമാനപ്പെട്ട കളക്ടർ അവറുകളോട് അപേക്ഷിക്കാനുള്ളത് എന്റെ ഈ പരാതിയിന്മേൽ വേണ്ടുന്ന നിയമപരമായ സഹായങ്ങൾ ചെയ്തുതരുമെന്ന് വിശ്വസിക്കുന്നു.

**പങ്കജാക്ഷി, പങ്കജം, കുറുമണ്ടൽ, പരവൂർ. പി.ഒ. കൊല്ലം. 01.04.2016.**

*(ഇക്കൊല്ലത്തെ വെടിക്കെട്ട് അനുഭവങ്ങൾ പങ്കജാക്ഷിയമ്മ പറയുന്നു. "കമ്പം കത്തിക്കുന്നതിന് ഇവിടുത്തുകാർ ഞെരിപ്പ് എന്നാണ് വിളിക്കുക. കമ്പക്കാരന്റെ ഞെരിപ്പ് കമ്പത്തോടായിരുന്നെങ്കിൽ ക്ഷേത്രഭാരവാഹികളുടെ ഞെരിപ്പ് എന്നോടായിരുന്നു. ഒരു കമ്പം കൊളുത്തുമ്പോൾ ഓടിവന്ന് 80 വയസ്സായ എന്നെ തെറിവിളിക്കും. ഇങ്ങനെ പുരോഗമിക്കുമ്പോൾ എന്റെ മരുമകൻ പുറത്തുണ്ടായിരുന്ന സർക്കിൾ ഇൻസ്പെക്ടറോട് വിവരം പറഞ്ഞു. പിറ്റേന്നാകട്ടെ, പരാതിതരുക എന്നതായിരുന്നു അദ്ദേഹത്തിന്റെ മറുപടി. ഒടുവിൽ ഗത്യന്തരമില്ലാതെ ഞങ്ങൾ വീടുപൂട്ടി സഹോദരിയുടെ വീട്ടിലേക്ക് പോയി. അപ്പോഴും ഭാരവാഹികളിൽ ഒരാളായ സുധീർ ചെല്ലപ്പൻ വാശിയോടെ അനൗൺസ് ചെയ്യുന്നുണ്ടായിരുന്നു 'ദുഷ്ട ശക്തികളെ അമ്മ നിഗ്രഹിക്കും. കമ്പം നടത്തരുതെന്ന് ആവശ്യപ്പെട്ട് സ്റ്റേ വാങ്ങിയവരെ അമ്മ വെറുതെ വിടില്ല. ഞങ്ങൾ കമ്പം നടത്തുകതന്നെ ചെയ്യും". മൈക്ക് ഓഫ് ചെയ്തതിന് ശേഷം തെറിവിളി നേരിട്ടായി). കടപ്പാട്: കലാകൗമുദി* ■